CEE/54/2022-B2

I/35161/2023

നം.ബി2/54/2022/സി ഇ ഇ

**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ് (അഞ്ചാം നില) ശാന്തിനഗർ
തിരുവനന്തപുരം-695001

**വിജ്ഞാപനം**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം അസിസ്റ്റന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്**

തിരുവനന്തപുരം, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാന സർക്കാർ സർവ്വീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്നവർക്ക് പ്രസ്തുത ഒഴിവുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയ ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**1. സിസ്റ്റം അസിസ്റ്റന്റ് - (ഒഴിവ് – 3)**

(ശമ്പള സ്കെയിൽ : 43400 - 91200 )

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ / സ്വയം ഭരണ സ്ഥാപനങ്ങളിൽ സമാന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ചുവടെ ചേർക്കുന്ന യോഗ്യത ഉള്ളവർക്ക് ടി തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

യോഗ്യത

BSc /BA /B Com with PG Diploma in Computer Science /Application and experience in software development (preferably in web based application development ).

OR

Diploma in Government approved Polytechnics (Computer science/ Information Technology / Electrical / Electronics) with experience in software development (preferably in web based application development ).

താൽപ്പര്യമുള്ള ജീവനക്കാർ കെ.എസ്.ആർ-144 അനുസരിച്ചുള്ള പ്രൊഫോർമയും, ബയോഡേറ്റയും വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന 2023 ഏപ്രിൽ 10. ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ് (അഞ്ചാം നില) ശാന്തിനഗർ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

Signed by
Inbasekar K Ias
Date: 22-03-2023 10:16:49
പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം

22-03-2023